സൂറഃ-8

# അൽ അൻഫാൽ

وَإِمَّا تَخَافَنَّ مِن قَوْمٍ خِيَانَةً فَانۢبِذْ إِلَيْهِمْ عَلَىٰ سَوَآءٍ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْخَآئِنِينَ ﴿٥٨﴾

وَلَا يَحْسَبَنَّ ٱلَّذِينَ كَفَرُوا۟ سَبَقُوٓا۟ ۚ إِنَّهُمْ لَا يُعْجِزُونَ ﴿٥٩﴾

**58.** ഉടമ്പടിയിലേർപ്പെട്ട ഒരു കക്ഷി നിന്നെ ചതിക്കുമെന്ന് ഭയമുണ്ടായാൽ, അപ്പോൾ അവരുമായുള്ള ഉടമ്പടി ഇരുകക്ഷികളും ഒരുപോലെ അറിയുംമട്ടിൽ പരസ്യമായി ദുർബലപ്പെടുത്തുക. നിശ്ചയം അല്ലാഹു ചതിയന്മാരെ സ്നേഹിക്കുന്നില്ല.
**59.** സത്യനിഷേധികൾ തങ്ങൾ ജയിച്ചുപോയെന്ന് വിചാരിക്കേണ്ട. അവർക്കു നമ്മെ തോൽപിക്കാനാവില്ല, തീർച്ച.

وَإِمَّا تَخَافَنَّ= നീ ഭയപ്പെട്ടാൽ مِن قَوْمٍ= ഒരു ജനത്തിൽനിന്ന് (ഉടമ്പടിയിലേർപ്പെട്ട ഒരു കക്ഷി) خِيَانَةً= ചതി (നിന്നെ ചതിക്കുമെന്ന്)
فَانۢبِذْ إِلَيْهِمْ= അവരിലേക്ക് എറിയുക(അവരുമായുള്ള ഉടമ്പടി ദുർബലപ്പെടുത്തുക)
عَلَىٰ سَوَآءٍ = തുല്യതയിന്മേൽ(ഇരു കക്ഷികളും ഒരു പോലെ അറിയും മട്ടിൽ പരസ്യമായി) إِنَّ ٱللَّهَ= നിശ്ചയം അല്ലാഹു
لَا يُحِبُّ = സ്നേഹിക്കുന്നില്ല ٱلْخَآئِنِينَ= ചതിയന്മാരെ وَلَا يَحْسَبَنَّ= വിചാരിക്കേണ്ട(തെറ്റുധരിക്കേണ്ട)
ٱلَّذِينَ كَفَرُوا۟= സത്യനിഷേധികളായവർ سَبَقُوٓا۟ = അവർ കവച്ചു കടന്നു(ജയിച്ചു പോയെന്ന്)
إِنَّهُمْ= തീർച്ചയായും അവർ(ക്ക്) لَا يُعْجِزُونَ= കഴിവില്ലാതാക്കുകയില്ല(നമ്മെ തോൽപിക്കാനാവുകയില്ല)

**58:** മുസ്ലിംകളുമായി സന്ധിയിലേർപ്പെട്ട കക്ഷി ചതിക്കുമെന്ന് ഭയമുണ്ടായാൽ സ്വീകരിക്കേണ്ട നടപടിയാണ് ഈ സൂക്തം പ്രസ്താവിക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ പെട്ടെന്ന് ആ കക്ഷിക്കെതിരെ നീങ്ങിക്കൂടാ. ആദ്യം നാം തമ്മിലുള്ള കരാർ ദുർബലപ്പെടുത്തിയിരിക്കുന്നുവെന്ന് മറുകക്ഷിയെ അറിയിക്കണം. കരാർ നിലവിലില്ല എന്ന് നേരത്തെ അറിയിക്കാതെ, അവർ കരാറിൽ വിശ്വസിച്ചിരിക്കെ, അവരെ ആക്രമിക്കുന്നത് വഞ്ചനയും കരാറുലംഘനവുമായിരിക്കും. കരാറുകൾ കണിശമായി പാലിക്കുക എന്നത് വിശ്വാസിയുടെ പ്രാഥമിക ഉത്തരവാദിത്വങ്ങളിൽ പെട്ടതാണ് وَأَوْفُوا۟ بِٱلْعَهْدِ ۖ إِنَّ ٱلْعَهْدَ كَانَ مَسْـُٔولًا (കരാറുകൾ കണിശമായി പാലിക്കുവിൻ. കരാറുകളെക്കുറിച്ച് പരലോകത്ത് ചോദ്യം ചെയ്യപ്പെടുന്നതാകുന്നു-17:34). കരാറുകളിലെ മറുകക്ഷി വിശ്വാസിയോ അവിശ്വാസിയോ എന്നതു പ്രസക്തമല്ല. ബൈഹഖി ഉദ്ധരിച്ച ഒരു നിവേദനത്തിൽ നബി(സ) പ്രസ്താവിക്കുന്നു:

ثلاثة المسلم والكافر فيهنّ سواء من عاهدتَ فوف بعهده مسلما كان أو كافرا
فإنّما العهد لله ومن كانت بينك وبينه رحم فصلها مسلما كان أو كافرا
ومن أئتمنكَ على أمانة فأدّها اليه مسلما كان أو كافرا

(മുസ്ലിമും സത്യനിഷേധിയും തുല്യരാകുന്ന മൂന്നുകാര്യങ്ങ

ളുണ്ട്: നിങ്ങൾ കരാർചെയ്യുന്നത് മുസ്‌ലിമുമായിട്ടായാലും സത്യനിഷേധിയുമായിട്ടായാലും അത് കൃത്യമായി പാലിക്കണം. യഥാർഥത്തിൽ കരാറുകൾ അല്ലാഹുവിനുള്ളതാകുന്നു. നിങ്ങളും മറ്റൊരാളും തമ്മിൽ കുടുംബബന്ധമുണ്ടെങ്കിൽ അപരൻ മുസ്‌ലിമായാലും സത്യനിഷേധിയായാലും ആ ബന്ധം നിലനിർത്തണം. നിങ്ങളെ ഒരുവൻ ഒരുകാര്യം സൂക്ഷിക്കാൻ വിശ്വസിച്ചേൽപിച്ചാൽ അതുനിറവേറ്റണം, ഏൽപിച്ചയാൾ മുസ്‌ലിമായാലും സത്യനിഷേധിയായാലും).

സന്ദിഗ്ധ ഘട്ടത്തിൽ കാരാർ ലംഘിക്കുമെന്ന് സംശയിക്കുന്ന കക്ഷിക്കെതിരെ അവരുമായുള്ള കരാർ ദുർബലപ്പെട്ടിരിക്കുന്നു എന്നറിയിച്ച ശേഷം ആവശ്യമാണെങ്കിൽ യുദ്ധനടപടിയിലേർപ്പെടാം. മുൻസൂക്തത്തിൽ إِمَّا تَثْقَفَنَّهُمْ എന്നു പറഞ്ഞതു പോലെത്തന്നെയാണ് ഇവിടെ **إما تخافنّهم** എന്നു പറയുന്നത്. മറുപക്ഷം കരാർ ലംഘിച്ചേക്കുമെന്നത് കേവലം ഒരു സാധ്യതയായാൽ പോരാ. മറുകക്ഷി കരാർ ലംഘിക്കുമെന്ന ഭയം ന്യായമായ കാരണങ്ങളാൽ ഉളവായതായിരിക്കണം. അകാരണമായ സംശയത്തിന്റെ പേരിൽ കരാർ ദുർബലപ്പെടുത്തുന്നതും സഖ്യകക്ഷിയെ ശത്രുവായി പരിഗണിക്കുന്നതും കുറ്റകരമാണ്. എങ്കിലും മറുകക്ഷിയുടെ കരാർലംഘനം അനിഷേധ്യമായി പ്രത്യക്ഷപ്പെട്ടാൽ മാത്രമേ കരാർ ദുർബലപ്പെടുത്താനും നടപടിയെടുക്കാനും പാടുള്ളൂ എന്നില്ല. കരാർലംഘനം പ്രത്യക്ഷപ്പെട്ടു കഴിഞ്ഞാൽ അവരോടുള്ള നടപടി മുൻ സൂക്തത്തിൽ പറഞ്ഞിട്ടുണ്ട്. പരോക്ഷമായ കരാർലംഘനമാണ് ഇവിടെ പരാമർശിക്കുന്നത്. പരോക്ഷമായ കരാർലംഘനം, പരസ്യമായി ലംഘിക്കുമെന്ന ന്യായമായ ഭയം എപ്പോൾ ആരിൽനിന്നുണ്ടായാലും കരാർ ദുർബലപ്പെടുത്തി ആവശ്യമായ സുരക്ഷാ നടപടി സ്വീകരിക്കേണ്ടതാണ്.

യുദ്ധവും രക്തച്ചൊരിച്ചിലും പരമാവധി ഒഴിവാക്കുകയാണ് മുസ്‌ലിംകൾ ചെയ്യേണ്ടത്. കരാർപാലനം ഒരു മാനുഷിക ധർമം എന്നപോലെ ജനങ്ങൾക്കിടയിൽ സമാധാനം നിലനിൽക്കാനും വളരെ ആവശ്യമാണ്. കരാറുകൾ പരമാവധി പാലിച്ചും സ്ഥിരപ്പെടുത്തിയും സമാധാനം നിലനിർത്താനാണ് അവർ ശ്രമിക്കേണ്ടത്. എന്നാൽ കരാറിനോടും സമാധാനത്തോടുമുള്ള പ്രതിബദ്ധതയെ ചൂഷണംചെയ്യാൻ മറ്റുള്ളവരെ അനുവദിക്കുകയുമരുത്. അത് അസമാധാനവും രക്തച്ചൊരിച്ചിലും വർധിക്കാനിടയാക്കും. അതുകൊണ്ട് അത്തരക്കാരെ നിലക്കുനിർത്താൻ മുസ്‌ലിംകൾക്ക് അവകാശമുണ്ട്. അതു ചെയ്യുന്നത് സത്യസന്ധമായിട്ടായിരിക്കണം; കരാറിലുള്ളവരെ വഞ്ചിച്ചുകൊണ്ടായിക്കൂടാ.

അതിപ്രധാനമായ ഒരു യുദ്ധ മര്യാദയാണിത്. ഏതു രാജ്യത്തിനും അന്യരാജ്യങ്ങളിൽനിന്ന് ആക്രമണ സാധ്യതയുണ്ട്. ഈ സാധ്യത യാഥാർഥ്യമാകാതിരിക്കാനുള്ള മുൻകരുതലുകളിൽ പ്രധാനപ്പെട്ടതാണ് അവരുമായി സമാധാനത്തിന്റെയും സഹകരണത്തിന്റെയും കരാറുകളിലേർപ്പെടുക എന്നത് ഇത്തരം കരാറുകൾ മാനിക്കാതെ നിസ്സാരമായ സംശയങ്ങളുടെ പേരിൽ മുന്നറിയിപ്പു നൽകാതെ പെട്ടെന്ന് അന്യരാജ്യങ്ങളെ അക്രമിക്കാമെങ്കിൽ ആർക്കും ആരെയും ഏതു സമയത്തും കടന്നാക്രമിക്കാം എന്നാണ് വന്നുകൂടുക. ആധുനിക ചരിത്രം അതു സാക്ഷ്യപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ, ഇസ്രയേൽ ഇറാഖിലെ ആണവനിലയങ്ങൾ ആക്രമിച്ചതും അമേരിക്ക ലിബിയൻ തലസ്ഥാനത്ത് ബോംബിട്ടതും സുഡാനിലെ ഔഷധ നിർമാണശാല തകർത്തതുമെല്ലാം അന്താരാഷ്ട്ര കരാറുകളുടെ നഗ്നമായ ലംഘനവും കൊടിയ വഞ്ചനയുമായിരുന്നു. സദ്ദാം ഹുസൈന്റെ കാലത്ത് ഇറാഖ് കുവൈത്ത് പിടിച്ചടക്കിയതും, പിന്നീട് അമേരിക്ക ഇറാഖ് കീഴടക്കിയതുമെല്ലാം അപ്രകാരം തന്നെ. സൈനിക ശക്തിക്കുമുമ്പിൽ സഖ്യങ്ങൾക്കും കരാറുകൾക്കുമൊന്നും ഒരു വിലയുമില്ലാതായിരിക്കുന്നു. പരസ്പരമുള്ള ഭയം മാത്രമായിരിക്കുന്നു രാഷ്ട്രങ്ങളെ യുദ്ധത്തിൽനിന്ന് അകറ്റിനിർത്തുന്ന ഉപാധി. അതേ ഭയം തന്നെ യുദ്ധത്തിനു കാരണമാവുകയും ചെയ്യുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പര ധാരണയും സമാധാന സന്ധികളുമാണ് സമാധാനത്തിന്റെ യഥാർഥ ഉപാധി. അതുകൊണ്ടാണ് വഞ്ചിക്കുമെന്ന് ഭയപ്പെട്ടാൽ പോലും ഉടമ്പടി ദുർബലപ്പെട്ടതായി മറുകക്ഷിയെ പരസ്യമായി അറിയിക്കാതെ അവർക്കെതിരെ തിരിയരുതെന്ന് ഖുർആൻ കൽപിക്കുന്നത്. വഞ്ചനയെ വഞ്ചനകൊണ്ട് നേരിട്ടാൽ വഞ്ചന സാമാന്യ സമ്പ്രദായമായിത്തീരുന്നു. വഞ്ചനയെ സത്യസന്ധതകൊണ്ട് നേരിടുമ്പോഴേ സമാധാനം സാധ്യമാകൂ.

യുദ്ധത്തിൽ കൗശലങ്ങളും തന്ത്രങ്ങളുമൊക്കെയാവാം. 'യുദ്ധം തന്ത്രമാണ്' (الحرب خدعة) എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. പക്ഷേ, യുദ്ധം തീരുമാനിക്കുന്നതും തുടങ്ങുന്നതും, സത്യത്തിന്റെയും നീതിയുടെയും ന്യായത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം. പരസ്യമായി യുദ്ധം പ്രഖ്യാപിച്ചു കഴിഞ്ഞാൽ സ്വന്തം വിജയത്തിനുവേണ്ടി മറുകക്ഷിയുടെ ശ്രദ്ധതിരിക്കാനും തെറ്റുധാരണകളിലകപ്പെടുത്താനുമൊക്കെ തന്ത്രങ്ങൾ പ്രയോഗിക്കാം.

മുസ്‌ലിംകൾ ആദ്യകാലത്ത് ഈ ഖുർആനിക ശാസന ജാഗ്രതയോടെ പാലിച്ചിരുന്നുവെന്ന് ചരിത്രം ഘോഷിക്കുന്നു. സൽമാനുൽ ഫാരിസിയെക്കുറിച്ച് ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു: അദ്ദേഹവും സൈന്യവും ഒരു കോട്ടയെയോ പട്ടണത്തെയോ സമീപിച്ചാൽ അദ്ദേഹം തന്റെ സഖാക്കളോടു പറയും. 'നിൽക്കൂ, നബി(സ) പ്രബോധനം ചെയ്യാറുള്ളതുപോലെ ഞാൻ അവരെ പ്രബോധനം ചെയ്യട്ടെ.' തുടർന്ന് അദ്ദേഹം ആ നാട്ടുകാരോടു പറയും: 'ഞാൻ നിങ്ങളിലൊരാളായിരുന്നു. മഹോന്നതനായ അല്ലാഹു എനിക്ക് ഇസ്‌ലാമിലേക്ക് മാർഗദർശനമരുളിയിരിക്കുന്നു. നിങ്ങളും മുസ്‌ലിംകളാകുന്നുവെങ്കിൽ ഞങ്ങൾക്കുള്ള എല്ലാ അവകാശ ബാധ്യതകളും നിങ്ങൾക്കും ഉണ്ടായിരിക്കും. നിങ്ങളതിനു തയാറല്ലെങ്കിൽ കീഴടക്കപ്പെട്ടവരെന്ന നിലയിൽ നിങ്ങൾ സുരക്ഷാനികുതി(ജിസ്‌യ) നൽകണം. അതിനും നിങ്ങൾ തയാറല്ലെങ്കിൽ നാം തമ്മിൽ യാതൊരു സഖ്യവുമില്ല, നിശ്ചയം അല്ലാഹു വഞ്ചകരെ ഇഷ്ടപ്പെടുന്നില്ല' മൂന്നു ദിവസം ഇപ്രകാരം വിളിച്ചറിയിച്ചശേഷം നാലാം നാൾ സൈന്യം മുന്നേറുകയും അല്ലാഹുവിന്റെ സഹായത്താൽ ആ പട്ടണം വിമോചിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഇമാം അഹ്മദ് ഉദ്ധരിച്ച മറ്റൊരു നിവേദനത്തിൽ പറയുന്നു: മുആവിയ റോമാ അതിർത്തികളിൽ പടയോട്ടം നടത്തിക്കൊണ്ടിരുന്ന കാലത്ത് റോമും അദ്ദേഹവും തമ്മിൽ സമയബന്ധിതമായ ഒരു യുദ്ധമില്ലാ കരാറുണ്ടാക്കിയിരുന്നു. കരാർ കാലം അവസാനിക്കുന്നതിനുമുമ്പ് അദ്ദേഹം അതിർത്തിയിൽ സൈന്യങ്ങളെ സജ്ജീകരിച്ചു തുടങ്ങി. കരാർകാലം കഴിഞ്ഞയുടനെ കടന്നാക്രമിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അംറുബിൻ അൻബസ എന്ന പ്രവാചക ശിഷ്യൻ അതിനെ ശക്തിയായി എതിർത്തു. അദ്ദേഹം തന്റെ വാഹനപ്പുറത്തുകയറി വിളിച്ചു പറഞ്ഞു: 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ. കരാറു പാലിക്കുക, വഞ്ചിക്കരുത്. റസൂൽ(സ) പ്രസ്താവിച്ചിരിക്കുന്നു: വല്ലവരും മറ്റൊരു ജനതയുമായി കരാറിലേർപ്പെട്ടാൽ ഏകപക്ഷീയമായി അതിന്റെ കെട്ട് അഴിക്കാനോ മുറുക്കാനോ പാടില്ല.' ഈ വിവരമറിഞ്ഞ മുആവിയ അതിർത്തി

യിൽനിന്ന് സൈന്യത്തെ പിൻവലിക്കുകയും തനിക്കു തെറ്റു പറ്റിയതായി സമ്മതിക്കുകയും ചെയ്തു.

فَانۢبِذۡ إِلَيۡهِمۡ عَلَىٰ سَوَآءٍ-എന്ന വാക്യത്തിന്റെ ഭാഷാർഥം തുല്യമായി അവരിലേക്ക് എറിഞ്ഞു കൊടുക്കുക എന്നാണ്. തെറിപ്പിക്കുക, അകറ്റുക, തള്ളിക്കളയുക എന്നൊക്കെ അർഥമുള്ള نبذ എന്ന മൂലത്തിൽനിന്നുള്ള ശാസന ക്രിയാരൂപമാണ് انبذ. കരാറിനെ നിങ്ങൾ അവഗണിച്ചു തള്ളിയതുപോലെ ഞങ്ങളും തള്ളിയിരിക്കുന്നു, നമുക്കിടയിൽ ഇനി ഉടമ്പടി പ്രാബല്യത്തിലില്ല എന്നും നിങ്ങളുടെ നിലപാടിനു തുല്യമായ നിലപാടാണ് ഇനി ഞങ്ങൾ സ്വീകരിക്കുക എന്നും പരസ്യമായി അവരെ അറിയിക്കുക എന്നാണ് ഇവിടെ അതുകൊണ്ടുദ്ദേശിക്കുന്നത്.

إِنَّ ٱللَّهَ لَا يُحِبُّ ٱلۡخَآئِنِينَ-എന്ന വാക്യത്തിന് ഈ സന്ദർഭത്തിൽ രണ്ട് അർഥതലങ്ങളുണ്ട്. ഒന്ന്, ചതി മുസ്‌ലിംകൾ ചെയ്താലും അവരുടെ എതിർ കക്ഷി ചെയ്താലും അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യമല്ല. ചതിയന്മാർ വിശ്വാസികളായാലും അല്ലെങ്കിലും അവൻ സ്നേഹിക്കുന്നില്ല. രണ്ട്, സഖ്യകക്ഷി ചതിക്കുമെന്ന് പേടിച്ച് നിങ്ങൾ ചതിക്കാൻ നോക്കരുത്. ചതിക്കുന്നവരെ അല്ലാഹുവിന് ഇഷ്ടമല്ല. ചതി ചെയ്യാത്തവരെയാണ് അവൻ സ്നേഹിക്കുന്നത്. അവർ ചതിച്ചാൽ തന്നെ നിങ്ങൾ സത്യസന്ധരാണെങ്കിൽ അല്ലാഹുവിന്റെ സ്നേഹവും സഹായവും നിങ്ങൾക്കുണ്ടായിരിക്കും.

**59:** അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയും അവന്റെ ദൂതനുമായി കരാറുകൾ ചെയ്ത് ചതിക്കുകയും ചെയ്തവരൊക്കെ അവരുടെ സാമർഥ്യംകൊണ്ട് വിജയിക്കുകയാണെന്ന് കരുതേണ്ട. തങ്ങൾ അല്ലാഹുവിനെയും പ്രവാചകനെയുമൊക്കെ വെട്ടിച്ചുവെന്ന അഹങ്കാരം അവരുടെ വ്യാമോഹം മാത്രമാകുന്നു. ഏറിയാൽ ക്ഷണികമായ ഈ ഭൗതിക ജീവിതത്തിൽ മാത്രമേ അവരുടെ വിജയം നിലനിൽക്കൂ. അതുതന്നെ അല്ലാഹു അനുവദിച്ചാൽ മാത്രം. ചിലപ്പോൾ ഭൗതികജീവിതത്തിൽ തന്നെ അവർക്ക് കനത്ത തിരിച്ചടിയേൽക്കും. അതുണ്ടായാലും ഇല്ലെങ്കിലും മരണാനന്തരം ശാശ്വതമായ നഷ്ടവും പരാജയവും സുനിശ്ചിതമാണ്. ആ വിധിയെ തോൽപിക്കാൻ അവർക്കൊരിക്കലും കഴിയുകയില്ല.

وَلَا يَحۡسَبَنَّ എന്ന വാക്കിന് وَلَا تَحۡسَبَنَّ എന്നും ഒരു പാരായണമുണ്ട്. നീ വിചാരിക്കേണ്ട എന്നാകും അപ്പോൾ അർഥം. സംബോധിതൻ പ്രവാചകനാണ്. അതനുസരിച്ച് ഇവിടെ ഉദ്ദേശിക്കുന്ന സത്യനിഷേധികൾ, ബദ്റിൽനിന്ന് രക്ഷപ്പെട്ടുമടങ്ങിയ ഖുറൈശികളാണ് എന്ന് അഭിപ്രായമുണ്ട്. ചില ഖുറൈശി പ്രമുഖർ കൊല്ലപ്പെടുകയോ പിടിക്കപ്പെടുകയോ ചെയ്യാതെ മടങ്ങിപ്പോകാൻ ഇടയായതിൽ മുസ്‌ലിംകൾക്ക് ദുഃഖമുണ്ടായിരുന്നു. മക്കയിൽ വിശ്വാസികളെ അതികഠിനമായി ദ്രോഹിച്ചവരാണവർ. ബദ്റിൽവെച്ച് അവരോടു കണക്കുതീർക്കാൻ കഴിഞ്ഞില്ലല്ലോ എന്നായിരുന്നു വിശ്വാസികളുടെ ദുഃഖം. അതെപ്പറ്റി അല്ലാഹു പറയുകയാണ്: അവരൊക്കെ നിങ്ങളെ വെട്ടിച്ച് രക്ഷപ്പെട്ടു കളഞ്ഞു എന്ന് വിചാരിക്കേണ്ട. അവർ അകപ്പെടാൻ ഇനിയും അവസരങ്ങൾ പലതും ബാക്കിയുണ്ട്. ഇനി ഈ ഭൗതിക ജീവിതത്തിൽ അതിലൊന്നും അവർ അകപ്പെട്ടില്ലെങ്കിൽ ശാശ്വതമായ പരലോകമുണ്ട്. അവിടെ ആർക്കും അല്ലാഹുവിനെ വെട്ടിച്ച് രക്ഷപ്പെടാനാവില്ല. ഓരോരുത്തരും അവരുടെ ദുഷ്ടതകൾ ശരിക്കും കണക്കുതീർത്ത് അനുഭവിക്കേണ്ടിവരും. ■